**" ഭരണഭാഷ – മാതൃഭാഷ"**

സി6/13917/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 20.04.2016

# സർക്കുലർ

വിഷയം:– കോ.വി.വ – ഐ.എം.ജി ട്രെയിനിംഗ് – പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റിന് വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടി – നാമനിർദ്ദേശം – സംബന്ധിച്ച്.

സൂചന:– ഐ.എം.ജി യുടെ 11–04–2016–ലെ 2565/പി2/2016/ഐ.എം.ജി നമ്പർ കത്ത്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിന് പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ 2016 ജൂൺ 2 മുതൽ 28 വരെ നടത്തുന്നതാണെന്ന് സൂചന പ്രകാരം ഐ.എം.ജി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

അടുത്ത ഡിപ്പാർട്ട്മെന്റ് ടെസ്റ്റിന് വേണ്ടി പി.എസ്.സി യിൽ അപേക്ഷ സമർപ്പിക്കുന്നവരും സമർപ്പിച്ചവരുമായ ക്ലാസ്സ് 2 ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ നാമനിർദ്ദേശം ഐ.എം.ജി യ്ക്ക് നൽകണമെന്ന് ഈ വകുപ്പിന് കിഴിൽ വരുന്ന എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉള്ളവർ തിരുവനന്തപുരം ഐ.എം.ജി യിലും, ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി യിലും കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്, മലപ്പുറം പാലക്കാട് ജില്ലയിൽ ഉള്ളവർ കോഴിക്കോട് ഐ.എം.ജി യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.

ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ലായെന്നും ഡിപ്പാർട്ട്മെന്റ് പരീക്ഷാ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശിലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊളളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം നാമനിർദ്ദേശത്തോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

പരിശീലനത്തിന് നിമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പരും നാമനിർദ്ദേശത്തോടൊപ്പം നൽകേണ്ടതാണ്.

നാമനിർദ്ദേശം 30–04–2016 നം മുമ്പ് ഐ.എം.ജി യുടെ ബന്ധപ്പെട്ട ഓഫീസുകളിൽ അയയ്ക്കേണ്ടതാണ്.

വിലാസം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഐ.എം.ജി തിരുവനന്തപുരം<br>(തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്ഥാപനമേധാവികൾ) | ഡയറക്ടർ ജനറൽ<br>ഐ.എം.ജി, വികാസ്ഭവൻ.പി.ഒ<br>തിരുവനന്തപുരം – 695 033 |
| ഐ.എം.ജി | അഡീഷണൽ ഡയറക്ടർ ജനറൽ<br>ഐ.എം.ജി പ്രാദേശിക കേന്ദ്രം<br>കാക്കനാട്<br>കൊച്ചി – 682 030 |
| ഐ.എം.ജി കോഴിക്കോട്<br>(കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിലുള്ളവർ) | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി<br>പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട് 673 008 |

പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിൽ തെരെഞ്ഞെടുത്തതായി ഐ.എം.ജി യിൽ നിന്ന് അറിയിപ്പ് ലഭിച്ചതിനുശേഷം മാത്രമേ വിടുതൽ ചെയ്യാവൂ

വിശ്വസ്തതയോടെ,

ഒപ്പ്/–
വി.വിലാസചന്ദ്രൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//



സൂപ്രണ്ട്

വി.എസ്. 20.04.2016